REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സോൾ ലീഡർഷിപ്പ് കോൺക്ലേവിന്റെ ആദ്യ പതിപ്പ് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.**
- **രേഖ ഗുപ്ത ഡൽഹി മുഖ്യമന്ത്രി. രാംലീല മൈതാനിയിൽ ഉച്ചയ്ക്ക് 12.35ന് നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി ഉൾപ്പെടെ പ്രമുഖർ പങ്കെടുക്കും.**
- **സംസ്ഥാനത്ത് ഡയറക്ട് സെല്ലിങ് കമ്പനികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മാർഗരേഖ പുറത്തിറക്കി. വിപണിയിൽ സുതാര്യത ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഈ വർഷത്തെ റവന്യു അവാർഡുകൾ പ്രഖ്യാപിച്ചു. എറണാകുളം ജില്ലാ കളക്ടർ ഉമേഷ് NSK, മികച്ച ജില്ലാ കളക്ടർ.**
- **ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഗ്രൂപ്പ് A-യിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഉദ്ഘാടന മത്സരത്തിൽ ന്യൂസിലാന്റ് പാക്കിസ്ഥാനെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

സോൾ ലീഡർഷിപ്പ് കോൺക്ലേവിന്റെ ആദ്യ പതിപ്പ് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് ടോബ്ഗേ വിശിഷ്ടാതിഥിയായി മുഖ്യപ്രഭാഷണം നടത്തും. രാഷ്ട്രീയം, കായികം, കല, മാധ്യമങ്ങൾ, ആത്മീയ ലോകം, പൊതുനയം, ബിസിനസ്സ്, സാമൂഹിക മേഖല എന്നിങ്ങനെ വിവിധ

മേഖലകളിലെ  നേതാക്കൾ അവരുടെ പ്രചോദനാത്മകമായ ജീവിത യാത്രകൾ പങ്കിടുന്ന  പ്രധാന വേദിയായി രണ്ട് ദിവസത്തെ സോൾ ലീഡർഷിപ്പ് കോൺക്ലേവ് മാറും.

✪✪✪

രേഖ ഗുപ്ത ഡൽഹി മുഖ്യമന്ത്രിയാകും. ന്യൂഡൽഹിയിലെ രാംലീല മൈതാനിയിൽ ഉച്ചയ്ക്ക് 12.35ന്  നടക്കുന്ന ചടങ്ങിൽ അവർ മുഖ്യമന്ത്രിയായി  സത്യപ്രതിജ്ഞ ചെയ്യും. ലഫ്റ്റനന്റ് ഗവർണർ  വിനയ് കുമാർ സക്സേന, രേഖാ ഗുപ്തയ്ക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും.

ഡെസ്ക് റിപ്പോർട്ട്.

.......വോയ്സ്........

പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ് എന്നിവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇരുപതോളം സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെയും ഉപമുഖ്യമന്ത്രിമാരെയും സത്യപ്രതിജ്ഞാ ചടങ്ങിന് ക്ഷണിച്ചിട്ടുണ്ട്.

ഇന്നലെ വൈകിട്ട് ഡൽഹിയിൽ ചേർന്ന BJP നിയമസഭാ കക്ഷി യോഗമാണ് രേഖാഗുപതയെ നേതാവായി തെരഞ്ഞെടുത്തത്. തുടർന്ന്,  ലഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയെ  സന്ദർശിച്ച അവർ  പുതിയ ഗവൺമെന്റ് രൂപീകരിക്കാൻ  അവകാശം  ഉന്നയിച്ചു.

ഷാലിമാർ ബാഗിൽ നിന്നാണ് രേഖാ ഗുപ്ത നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

✪✪✪

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസിൽ, പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന പ്രകാരം നിർമിച്ച പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം കേന്ദ്ര മന്ത്രി ജെ.പി നദ്ദയും, സഹമന്ത്രി ജിതേന്ദ്ര സിംഗും ചേർന്ന് ഇന്ന്  നിർവ്വഹിക്കും. ഒൻപത് നിലകളോട് കൂടിയ കെട്ടിടത്തിൽ തീവ്രപരിചരണ സേവനങ്ങൾക്കായി 130 കിടക്കകളും, പേവാർഡിനായി 40 മുറികളും സജ്ജീകരിച്ചിട്ടുണ്ട്. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രി വീണാ ജോർജ്, ശശി തരൂർ എംപി, തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

വിപണിയിൽ സുതാര്യത ഉറപ്പാക്കുകയാണ് ഡയറക്ട് സെല്ലിങ് കമ്പനികളെ നിയന്ത്രിക്കുന്നതിനു മാർഗ്ഗരേഖയിലൂടെ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഡയറക്ട് സെല്ലിങ് കമ്പനികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മോണിറ്ററിങ് മെക്കാനിസത്തിന്റെ മാർഗ്ഗരേഖ തിരുവനന്തപുരത്ത് മന്ത്രി GR. അനിലിന് നൽകി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സാങ്കേതിക വിദ്യയുടെ വികാസം വലിയതോതിൽ വർധിച്ചുവരുന്ന കാലമാണിതെന്നും, അതിന് അനുസരിച്ച് നവീന വാണിജ്യ സമ്പ്രദായങ്ങൾക്ക് പ്രാധാന്യം വർധിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇന്ന് ഉപഭോക്താവും വിപണിയും മാറിയിരിക്കുകയാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി നാളെ കൊച്ചിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രണ്ടുദിവസത്തെ ഉച്ചകോടിയിൽ കേന്ദ്ര-സംസ്ഥാന മന്ത്രിമാരും വിദേശരാജ്യ പ്രതിനിധികളും, വ്യവസായ പ്രമുഖരും പങ്കെടുക്കുമെന്ന് മന്ത്രി P. രാജീവ് കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കേന്ദ്ര മന്ത്രിമാരായ പിയൂഷ് ഗോയൽ, ജയന്ത് ചൗധരി, യുഎഇ സാമ്പത്തിക കാര്യ മന്ത്രി അബ്ദുള്ള ബിൻ തുക് അൽമാരി, ബഹ്റൈൻ വാണിജ്യ-വ്യവസായമന്ത്രി അബ്ദുള്ള ബിൻ അദെൽ ഫഖ്രു, പ്രതിപക്ഷനേതാവ് VD സതീശൻ, നോർക്ക റൂട്ട്സ് ചെയർമാൻ MA യൂസഫലി, തുടങ്ങിയവർ പങ്കെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഉച്ചകോടിയെ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ഓൺലൈനായി അഭിസംബോധന ചെയ്യും. വിദേശ പ്രതിനിധികൾ ഉൾപ്പെടെ 3000 ത്തോളം പേർ ഉച്ചകോടിയിൽ പങ്കെടുക്കുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ UGC കരട് റെഗുലേഷനുകൾ സംബന്ധിച്ച ദേശീയ കൺവെൻഷൻ ഇന്ന് തിരുവനന്തപുരത്ത് ചേരും. മുഖ്യമന്ത്രി പിണറായി വിജയൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യും.

തെലങ്കാന ഉപമുഖ്യമന്ത്രി ഭട്ടി വിക്രമാർക്ക മല്ലു, കർണാടക ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. MC സുധാകർ, തമിഴ്നാട് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ഗോവി ചെഴിയാൻ എന്നിവർ കൺവെൻഷനിൽ വിശിഷ്ടാതിഥികളാകും. മറ്റു സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരും കൺവെഷനിൽ പങ്കെടുക്കും.

മന്ത്രി K. രാജൻ, പ്രതിപക്ഷ നേതാവ് VD സതീശൻ എന്നിവർ കൺവൻഷനിൽ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. ഭരണ-പ്രതിപക്ഷ MLAമാരും ചീഫ് സെക്രട്ടറി

ഉൾപ്പടെ വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരും ഉന്നത വിദ്യാഭ്യാസവകുപ്പിലെ വിവിധ ഏജൻസികളുടെ മേധാവികളും വിവിധ സർവ്വകലാശാലാ നേതൃത്വങ്ങളും അധ്യാപകരും ഗവേഷകരും വിദ്യാർത്ഥികളും അനധ്യാപക ജീവനക്കാരും കൺവൻഷനിൽ പങ്കെടുക്കും.

✪✪✪

ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് വിവിധ പാരലൽ കോളേജുകൾക്ക് ഉണ്ടായ ആശങ്കകൾ പരിഹരിക്കുമെന്ന്  മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. പാരലൽ കോളേജ് അസോസിയേഷൻ പ്രതിനിധികളുമായി തിരുവനന്തപുരത്ത് നടത്തിയ കൂടിക്കാഴ്ചയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

ഓപ്പൺ സർവ്വകലാശാല നിലവിൽ വന്നതോടെ സമാന്തര കോളേജ് പ്രവർത്തനങ്ങളിൽ വന്ന പ്രയാസങ്ങൾ അസോസിയേഷൻ പ്രതിനിധികൾ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി.

✪✪✪

കേരള ഹീമോഫീലിയ കോ-ഓർഡിനേഷൻ കമ്മിറ്റി ഭാരവാഹികളുമായി  മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് ചർച്ച നടത്തി. താലൂക്ക് ആശുപത്രികളിൽ ഹീമോഫീലിയ ഫാക്ടർ ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കോ- ഓഡിനേഷൻ കമ്മിറ്റി പ്രതിനിധികൾ മന്ത്രിയെ  അറിയിച്ചു. രോഗികളുടെ സാന്ദ്രത കണക്കിലെടുത്ത് ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് കേന്ദ്രങ്ങളിലേക്ക് ഒരാഴ്ചക്കകം മരുന്ന് വിതരണം ചെയ്യുന്നതിനു നടപടി  ത്വരിതപ്പെടുത്താൻ മന്ത്രി നിർദ്ദേശം നൽകി.

✪✪✪

ഈ വർഷത്തെ റവന്യു വകുപ്പിന്റെയും സർവേ വകുപ്പിന്റെയും അവാർഡുകൾ പ്രഖ്യാപിച്ചു. എറണാകുളം ജില്ലാ കളക്ടർ ഉമേഷ് NSK യാണ്  മികച്ച ജില്ലാ കളക്ടർ.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....വോയ്സ്........

ഫോർട്ട് കൊച്ചിയിലെ K  മീരയെ മികച്ച സബ് കളക്ടറായി തെരഞ്ഞെടുത്തു. തൃശൂർ കളക്ടറേറ്റ് മികച്ച കളക്ടറേറ്റിനു നൽകുന്ന  അവാർഡിനർഹമായി.

നെടുമങ്ങാട് RDO വിനീത് TK ആണ് മികച്ച റവന്യൂ ഡിവിഷണൽ ഓഫീസർ. ഫോർട്ട് കൊച്ചി, മികച്ച റവന്യൂ ഡിവിഷണൽ ഓഫീസായും,  മികച്ച താലൂക്ക് ഓഫീസായി തൊടുപുഴയും തെരഞ്ഞെടുത്തു.

ഡിജിറ്റൽ സർവെയുടെ ബെസ്റ്റ് പെർഫോർമർ അവാർഡുകൾക്ക് കാസർകോട് ജില്ലാ കളക്ടർ - കെ ഇമ്പശേഖറും, എറണാകുളം ജില്ലാ നോഡൽ ഓഫീസർ - മീര K യും അർഹമായി. തിങ്കളാഴ്ച റവന്യൂ ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡുകൾ വിതരണം ചെയ്യും.

✪✪✪

വിദ്യാഭ്യാസ, ആരോഗ്യ രംഗത്ത് ഉൾപ്പെടെ സഹകരണ മേഖലയുടെ ഇടപെടൽ ശക്തിപ്പെടുത്തണമെന്ന് സ്പീക്കർ AN ഷംസീർ ആവശ്യപ്പെട്ടു. എറണാകുളം ജില്ലയിലെ ചെട്ടിക്കാട് സർവീസ് സഹകരണ ബാങ്കിന്റെ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

സമൂഹ മാധ്യമങ്ങളുടെ കടന്നു കയറ്റമുണ്ടെങ്കിലും സത്യസന്ധമായ വാർത്ത ജനങ്ങളിൽ എത്തിക്കാൻ നിർണായക സ്വാധീനം വഹിക്കുന്നത് ഇന്നും പത്രമാധ്യമങ്ങൾ തന്നെയാണന്ന് കർണാടക നിയമസഭ സ്പീക്കർ UT ഖാദർ പറഞ്ഞു. വീക്ഷണം 49-ാം വാർഷികാഘോഷം ഉദ്ഘാടനവും. അവാർഡ് സമർപ്പണവും കോഴിക്കോട്ട് നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഉമ്മൻചാണ്ടി കർമ്മ ശ്രേഷ്ഠ പുരസ്ക്കാരം അഷ്റഫ് താമരശ്ശേരിക്കും, CP ശ്രീധരൻ സർഗശേഷ്ഠ പുരസ്ക്കാരം സുധാമേനോനും, മീഡിയ അവാർഡ് നിഷ പുരുഷോത്തമനും ചടങ്ങിൽ സമ്മാനിച്ചു.

✪✪✪

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഗ്രൂപ്പ് A-യിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് 2.30നാണ് മത്സരം. രോഹിത്, വിരാട് കോഹ്‌ലി, രവീന്ദ്ര ജഡേജ തുടങ്ങിയ സീനിയർ താരങ്ങളുടെ അവസാന ചാമ്പ്യൻസ് ട്രോഫിയാകുമിതെന്നാണ് കണക്കുകൂട്ടുന്നത്.

ചാമ്പ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റ് ടൂർണമെന്റിന്റെ ഉദ്ഘാടന മത്സരത്തിൽ കറാച്ചിയിൽ ഇന്നലെ ന്യൂസിലൻഡിന് 60 റൺസിന്റെ തകർപ്പൻ ജയം. നിലവിലെ ചാമ്പ്യന്മാരായ പാക്കിസ്ഥാനെയാണ് കിവികൾ കീഴടക്കിയത്. 321 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ പാക്കിസ്ഥാന് 260 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ.

✪✪✪

ISL ഫുട്ബോളിൽ ഹൈദരാബാദിൽ നടന്ന മത്സരത്തിൽ ഹൈദരാബാദ് - മുംബൈ സിറ്റി മത്സരം, ഗോൾ രഹിത സമനിലയിൽ പിരിഞ്ഞു. ഇന്ന് വൈകീട്ട് 7.30ന് കൊൽക്കത്തയിൽ മുഹമ്മദൻ, ജംഷഡ്പൂർ FC യെ നേരിടും.

✪✪✪

കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർ വേദനകൾക്കിടയിലും സ്വന്തമായി വരുമാനം നേടി ഭാവി സുരക്ഷിതമാക്കുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ജഗന്നിവാസൻ ...

.......വോയ്സ് .....

സ്വന്തം അധ്വാനത്തിൽ നിർമ്മിച്ച ഉത്പന്നങ്ങൾ വിപണിയിലേക്ക് ഇറക്കാനുള്ള അവസാന പണിപ്പുരയിലാണ് കാസർകോട്ടെ എൻഡോസൾഫാൻ ദുരിത ബാധിതർ. ഫെബ്രുവരി 22ന് കാസർകോട് സിവിൽസ്റ്റേഷനിൽ സംഘടിപ്പിക്കുന്ന ഐ ലീഡ് ഉൽപ്പനപ്രദർശന വിപണനമേളയിലാണ് ഈ ഉൽപന്നങ്ങൾ വില്പനയ്ക്ക് വെയ്ക്കുന്നത്.

എൻഡോസൾഫാൻ ദുരിത ബാധിതർക്കും, ഭിന്നശേഷിക്കാർക്കും സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പും ജില്ലാ ഭരണകൂടവും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഐ ലീഡ് പദ്ധതി.

സംരഭങ്ങൾക്ക് വിപണിയിൽ സ്ഥിരമായ ഇടം ഉണ്ടാക്കാനും ഉപഭോക്താക്കളുടെ വിശ്വം നേടി ഭാവിയിലേക്ക് മുന്നേറാനും ഐ ലീഡ് പ്രദർശനം നിർണായകമാവും. ഭിന്നശേഷിക്കാരും എൻഡോസൾഫാൻ ദുരിത ബാധിതരും സ്വന്തമായ ഉൽപ്പന്നങ്ങൾ വിപണിയിലേക്ക് കൊണ്ടുവരുന്ന ഈ സംരംഭം തൊഴിൽ സൃഷ്ടിയിലൂടെ ഉന്നമനത്തിനുള്ള ഒരു പുതിയ മാതൃകയാണ് തീർക്കുന്നത്.

✪✪✪

ഉഷ്ണതരംഗ മുന്നൊരുക്കങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്നു. ജില്ലയിൽ കഴിഞ്ഞ ഏഴു ദിവസത്തിലധികമായി താപനില 34 ഡിഗ്രി സെൽഷ്യസിൽ കൂടുതലായി തുടരുന്ന സാഹചര്യത്തിലായിരുന്നു യോഗം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.

..........വോയ്സ്..........

ഉഷ്ണതരംഗ സാധ്യത മുന്നിൽ കണ്ട്  കെട്ടിടങ്ങളിലും തീപീടുത്ത സാധ്യതയുള്ള മേഖലകളിലും അടിയന്തര ഫയർ ഓഡിറ്റ് നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് ജില്ലാ കളക്ടർ ജി. പ്രിയങ്ക യോഗത്തിൽ നിർദ്ദേശം നൽകി.

രാവിലെ 11 മുതൽ വൈകിട്ട് മൂന്നു മണി വരെ പാർക്കുകൾ പോലുള്ള വിശ്രമ കേന്ദ്രങ്ങൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും. ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ  നേരിടാൻ ആവശ്യമായ സജ്ജീകരണങ്ങൾ ആശുപത്രികളിൽ ഉറപ്പാക്കും. സ്കൂളുകളിൽ വാട്ടർ ബെൽ സമ്പ്രദായം നടപ്പിലാക്കാനും കുടിവെള്ള ലഭ്യത ഉറപ്പാക്കാനും വിദ്യാഭ്യാസ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

ഓഹരി വിപണിയിൽ വൻ ലാഭം വാഗ്ദാനം ചെയ്ത് ചേർത്തലയിലെ ഡോക്ടർ ദമ്പതികളിൽ നിന്നു 7 കോടി 65 ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ പിടിയിലായ തായ്‌വാൻ സ്വദേശികളെ ചേർത്തല ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി  പോലീസ് കസ്റ്റഡിയിൽ വിട്ടു. കേസിലെ മുഖ്യ പ്രതികളും തായ്‌വാൻ സ്വദേശികളുമായ വാങ് ചുൻ -വെയ് , ഷെൻ വെയ് -ഹോ  എന്നിവരെയാണ് ഈ മാസം 27ന് രാവിലെ 11 വരെ  പോലീസ് കസ്റ്റഡിയിൽ വിട്ടത്.

കേസിൽ പിടിയിലായ കർണ്ണാടക സ്വദേശി ഭഗവാൻ റാം D പട്ടേലിനെ ചോദ്യം ചെയ്തപ്പോഴാണ് തട്ടിപ്പിന്റെ വിദേശ ബന്ധം വ്യക്തമായതും തായ്‌വാൻ പൗരൻമാരിലേക്ക് അന്വേഷണം എത്തിയതും.

സംസ്ഥാനത്ത്  രജിസ്റ്റർ ചെയ്ത ഏറ്റവും വലിയ ഓൺലൈൻ തട്ടിപ്പ് കേസാണിത്. നാൽപതോളം അക്കൗണ്ടുകളിലുടെയാണ്  ചേർത്തലയിൽ സ്വകാര്യ ക്ലിനിക്ക് നടത്തുന്ന ഡോക്ടർ ദമ്പതികളിൽ നിന്ന് സംഘം പണം തട്ടിയത്.

✪✪✪

*News Editor:  വി കെ സുരേഷ്*
*News Reader:  ഹക്കീം കൂട്ടായി*
*News Team:, സബിത കെ*
*DEO: സുബോധ് സി കെ*